2025 APRIL
04
FRIDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# പകരച്ചുങ്ക പ്രഖ്യാപനത്തിനു പിന്നാലെ തകർന്നടിഞ്ഞ് ഓഹരി വിപണി

## കോവിഡ് മഹാമാരിക്ക് ശേഷം ഇതാദ്യമായാണ് ഇത്രയും വലിയ ഒരു തകർച്ച യുഎസ് ഓഹരി വിപണി നേരിടുന്നതെന്നാണ് വിലയിരുത്തൽ

**വാഷിങ്ടൺ:** യുഎസ് അഭിവൃദ്ധി പ്രാപിക്കാൻ പോകുകയാണെന്ന് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. പകരച്ചുങ്കം പ്രഖ്യാപനത്തിലൂടെ ലോകരാജ്യങ്ങളെ ഞെട്ടിച്ചതിനു പിന്നാലെയാണ് ട്രംപിന്റെ പ്രഖ്യാപനം. വ്യാഴാഴ്ച നടന്ന ട്രംപിന്റെ പകരച്ചുങ്കം പ്രഖ്യാപനത്തിനു പിന്നാലെ ഓഹരി വിപണി കുത്തനെ ഇടിഞ്ഞിരുന്നു. എന്നാൽ യുഎസിന്റെ ഭാവിയെ കുറിച്ച് തനിക്ക് തികഞ്ഞ ശുഭാപ്തി വിശ്വാസം ഉണ്ടെന്നാണ് ട്രംപിന്റെ നിലപാട്.



ട്രംപിന്റെ പകരച്ചുങ്കം പ്രഖ്യാപനത്തിനു പിന്നാലെ ഓഹരിവിപണി 1,600 പോയിന്റിലധികം ഇടിഞ്ഞിരുന്നു. കോവിഡ് മഹാമാരിക്ക് ശേഷം ഇതാദ്യമായാണ് ഇത്രയും വലിയ ഒരു തകർച്ച യുഎസ് ഓഹരി വിപണി നേരിടുന്നതെന്നാണ് വിലയിരുത്തൽ. എന്നാൽ വിപണി കുതിച്ചുയരാൻ പോകുന്നുവെന്നാണ് ട്രംപ് ഓഹരി തകർച്ചയ്ക്ക് മറുപടി പറഞ്ഞത്. “വിപണികൾ കുതിച്ചുയരാൻ പോകുന്നു, ഓഹരികൾ കുതിച്ചുയരാൻ പോകുന്നു, രാജ്യം കുതിച്ചുയരാൻ പോകുന്നു” വിപണി തകർച്ചയെ കുറിച്ചുള്ള ചോദ്യത്തിന് രാജ്യാന്തര മാധ്യമത്തിന് ട്രംപ് മറുപടി നൽകി.

“കാര്യങ്ങൾ വളരെ നന്നായി പോകുന്നുവെന്നാണ് എനിക്ക് തോന്നുന്നത്. ശസ്ത്രക്രിയ ആവശ്യമുള്ള ഒരു രോഗിയെ പോലെയായിരുന്നു യുഎസിന്റെ കാര്യങ്ങൾ. ഞങ്ങൾ ആ വലിയ കാര്യം നടപ്പിലാക്കി. ഇത് ഇങ്ങനെയായിരിക്കും നടപ്പിലാക്കുക.” ട്രംപ് വ്യക്തമാക്കി. ഉയർന്ന താരിഫ് ഒഴിവാക്കാൻ യുഎസിൽ തങ്ങളുടെ ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ ആഗ്രഹിക്കുന്ന കമ്പനികളെയും ട്രംപ് സ്വാഗതം ചെയ്തു.

യുഎസിലേക്ക് ട്രില്യൺ കണക്കിന് ഡോളറിന്റെ നിക്ഷേപം എത്തുമെന്നാണ് പകരച്ചുങ്കം പ്രഖ്യാപനത്തിനു ശേഷമുള്ള ട്രംപിന്റെ നിലപാട്.



## രാജ്യസഭയും കടന്ന് വഖഫ് ഭേദഗതി ബിൽ; പിന്തുണച്ച് 128 പേർ, എതിർത്ത് 95 പേർ, പ്രതിപക്ഷ നിർദേശങ്ങൾ തള്ളി

**ന്യൂഡൽഹി:** രാജ്യസഭയിലും ‘വഖഫ് ഭേദഗതി ബിൽ 2025’പാസായി. 128 പേരാണ് രാജ്യസഭയിൽ നടന്ന വോട്ടിംഗിൽ ബില്ലിനെ പിന്തുണച്ചത്. 95 പേർ ബില്ലിനെ എതിർത്തും വോട്ടുചെയ്തു. പതിമൂന്നര മണിക്കൂർ നീണ്ട ചർച്ചയ്ക്കൊടുവിലാണ് രാജ്യസഭയിൽ ബിൽ പാസായത്.

പ്രതിപക്ഷം നിർദേശിച്ച ഭേദഗതി ശബ്ദവോട്ടോടെ തള്ളി. ഇനി രാഷ്ട്രപതിയുടെ അംഗീകാരം കൂടി ലഭിച്ചാൽ ബിൽ നിയമമായി മാറും. രാഷ്ട്രപതി അംഗീകാരം നൽകുന്നതോടെ നിയമത്തിൻറെ പേര് ‘ഏകീകൃത വഖഫ് മാനേജ്മെൻറ്, എംപവർമെൻറ്, എഫിഷ്യൻസി ആൻഡ് ഡെവലപ്മെൻറ് ആക്ട് 1995’എന്നായി മാറും.

വഖഫ് ഭേദഗതി ബിൽ ഇന്നലെ ലോക്സഭയിലും പാസാക്കിയിരുന്നു. പ്രതിപക്ഷ പ്രതിഷേധത്തിനിടെയാണ് വഖഫ് ബോർഡുകളുടെയും വഖഫ് കൗൺസിലുകളുടെയും അടിസ്ഥാനരൂപം പൊളിച്ചെഴുതുന്ന ‘വഖഫ് ഭേദഗതി ബിൽ 2025’ ലോക്സഭയിൽ പാസായത്.

ബില്ലിന്മേൽ എട്ടു മണിക്കൂർ ചർച്ചയ്ക്കാണു കേന്ദ്രസർക്കാർ അനുമതി നൽകിയിരുന്നതെങ്കിലും 12 മണിക്കൂറോളം നീണ്ട ചർച്ചയ്ക്കൊടുവിലാണ് ബിൽ പാസാക്കിയത്. ലോക്സഭയിൽ ബുധനാഴ്ച ഉച്ചയ്ക്ക് 12ന് ആരംഭിച്ച ചർച്ച രാത്രി വൈകിയും നീണ്ടിരുന്നു.

## വിദേശപഠനം ആഗ്രഹിക്കുന്ന ഇന്ത്യക്കാർക്ക് തിരിച്ചടി; വിസ നിരക്ക് 13% വർധിപ്പിച്ച് യുകെയും ഓസ്ട്രേലിയയും

**ന്യൂഡൽഹി:** യുകെയും ഓസ്ട്രേലിയയും രാജ്യാന്തര അപേക്ഷകർക്കുള്ള വിസ ചാർജുകളും ട്യൂഷൻ ഫീസുകളും 13% വരെ വർധിപ്പിക്കും. ഈ മാസം മുതൽ ഇത് പ്രാബല്യത്തിൽ വരും. വിദേശത്ത് സന്ദർശനം, ജോലി, പഠനം എന്നിവ പദ്ധതിയിടുന്ന ഇന്ത്യക്കാർക്കുള്ള ഹ്രസ്വകാല സന്ദർശക വീസ, തൊഴിൽ സ്പോൺസർഷിപ്പുകൾ, ദീർഘകാല യൂണിവേഴ്സിറ്റി കോഴ്സുകൾ തുടങ്ങി നിരവധി വിഭാഗങ്ങളെ ഈ മാറ്റം ബാധിക്കും.

മിക്ക വിഭാഗങ്ങളിലുമുള്ള വീസ, ഇമിഗ്രേഷൻ ഫീസ് ഘടന എന്നിവ യുകെ സർക്കാർ പരിഷ്കരിച്ചിട്ടുണ്ട്. ആറു മാസത്തെ സ്റ്റാൻഡേർഡ് വിസിറ്റർ വീസ ഫീസ്, 115 പൗണ്ടിൽനിന്ന് (ഏകദേശം 12,700 രൂപ) 127 പൗണ്ടി (ഏകദേശം 14,000 രൂപ)ലേക്ക് ഉയരും. ദീർഘകാല സന്ദർശക വിസ ഫീസുകളിലും മാറ്റമുണ്ട്. സ്റ്റുഡന്റ് വീസയ്ക്കായി അടയ്ക്കേണ്ട തുക 490 പൗണ്ടിൽനിന്ന് 524 പൗണ്ടായി ഉയരും.

ജോലി സംബന്ധമായ ചില വിഭാഗങ്ങളിലാണ് ഏറ്റവും വലിയ വർധനയുണ്ടായത്. മൂന്നു വർഷം വരെ താമസിക്കുന്നതിനുള്ള സ്കിൽഡ് വർക്കർ വീസ ഫീസ് 719 പൗണ്ടിൽനിന്ന് 769 പൗണ്ട് ആയും ഇന്നവേറ്റർ ഫൗണ്ടർ വീസയ്ക്കുള്ള ഫീസ് 1,191 പൗണ്ടിൽനിന്ന് 1,274 പൗണ്ട് ആയും വർധിക്കും. തൊഴിലുടമകൾ നൽകുന്ന സ്പോൺസർഷിപ്പ് ചെലവുകളിലും മാറ്റമുണ്ട്. ഒരു സ്പോൺസർഷിപ്പ് സർട്ടിഫിക്കറ്റിന് ഇപ്പോൾ 525 പൗണ്ട് ചെലവാകും. അതായത്, നിലവിലുള്ള 239 പൗണ്ടിനേക്കാൾ ഇരട്ടിയിലധികം.



# ചലച്ചിത്ര മേഖല സ്ത്രീ സുരക്ഷിതവും സ്ത്രീ സൗഹൃദവുമാകണം: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** ചലച്ചിത്ര മേഖല സ്ത്രീ സുരക്ഷിതവും സ്ത്രീ സൗഹൃദവുമാകണമെന്ന് ആരോഗ്യ വനിത ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ്. ക്യാമറയ്ക്ക് മുന്നിലും പുറകിലും കൂടുതൽ സ്ത്രീകൾ എത്തണം. പോഷ് ആക്ട് 2013ന്റേയും ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിന്റേയും വെളിച്ചത്തിൽ ഒരു സിനിമ രൂപപ്പെടുമ്പോൾ ഈ മേഖലയിൽ പ്രവർത്തിയെടുക്കുന്ന എല്ലാവർക്കും സുരക്ഷിതമായ തൊഴിൽ അന്തരീക്ഷം ഉറപ്പ് വരുത്തേണ്ടതുണ്ട്. ഇത് കണക്കിലെടുത്തു കൊണ്ടാണ് സിനിമാ മേഖലയിലുള്ളവരെ ഉൾപ്പെടുത്തി പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. ചലച്ചിത്ര മേഖലയിൽ ഏറ്റവും സുപ്രധാന ഇടപെടലിനാണ് സംസ്ഥാന സർക്കാർ തുടക്കം കുറിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. സിനിമാ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ഇടയിൽ പോഷ് നിയമത്തെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിനായി വനിതാ ശിശു വികസന വകുപ്പ് ജെൻഡർ പാർക്കിന്റെ സഹായത്തോടുകൂടി സംഘടിപ്പിച്ച പരിശീലന പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

വാക്കുകൊണ്ടോ നോട്ടം കൊണ്ടോ പ്രവർത്തി കൊണ്ടോ സ്ത്രീകളോട് അതിക്രമം പാടില്ല. വിവിധ തൊഴിലിടങ്ങളിൽ ധാരാളം സ്ത്രീകളെ കാണാം. കണക്കുകൾ പരിശോധിച്ചാൽ സംഘടിത മേഖലയിൽ പ്രത്യേകിച്ചും സർക്കാർ മേഖലയിൽ ഏറ്റവും അധികം സ്ത്രീകളാണ്. സെക്രട്ടറിയേറ്റിൽ 65 മുതൽ 70 ശതമാനത്തോളം സ്ത്രീകളാണ്. ആരോഗ്യ മേഖലയിലും ഏറ്റവുമധികം ജോലി ചെയ്യുന്നത് സ്ത്രീകളാണ്. വിദ്യാഭ്യാസ മേഖലയിൽ ആർട്സ് ആന്റ് സയൻസ് കോളേജിലും പ്രൊഫഷണൽ കോളേജുകൾ എടുത്തു നോക്കിയാലും 60% മുതൽ 70% വരെ പെൺകുട്ടികളാണ് എന്നതാണ് യാഥാർത്ഥ്യം.

തൊഴിലിടങ്ങളിലെ സ്ത്രീ സുരക്ഷിതത്വം ഉറപ്പാക്കാൻ ഈ സർക്കാർ വലിയ പ്രധാന്യമാണ് നൽകുന്നത്. 2023 ജനുവരിയിൽ തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് എതിരേയുള്ള ലൈംഗികാതിക്രമം തടയുന്നതിനായി, പോഷ് ആക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി പോഷ് പോർട്ടൽ ആരംഭിച്ചു. ആ ഘട്ടത്തിൽ നാമമാത്രമായ വകുപ്പുകളിലും ആയിരത്തോളം സ്ഥാപനങ്ങളിലും മാത്രമായിരുന്നു നിയമപ്രകാരം ഇന്റേണൽ കമ്മിറ്റികൾ ഉണ്ടായിരുന്നത്. എന്നാൽ പരമാവധി സ്ഥാപനങ്ങളിൽ ഇന്റേണൽ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് 2024 ഓഗസ്റ്റിൽ വകുപ്പ് ജില്ലാ അടിസ്ഥാനത്തിൽ ക്യാമ്പയിൻ ആരംഭിച്ചു. പോഷ് ആക്ട് പ്രകാരം സംസ്ഥാനത്തെ 95 സർക്കാർ വകുപ്പുകളിലെ പത്തിൽ കൂടുതൽ ജീവനക്കാരുള്ള എല്ലാ സ്ഥാപനങ്ങളിലും ഇന്റേണൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കാൽ ലക്ഷത്തിലധികം സ്ഥാപനങ്ങളെ രജിസ്ട്രേഷൻ ചെയ്യിപ്പിക്കാനുമായി. സംസ്ഥാനത്തെ എല്ലാ സ്ഥാപനങ്ങളേയും രജിസ്റ്റർ ചെയ്യിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന് പുറമേയാണ് ചലച്ചിത്രമേഖലയിൽ കൂടി ഇത് നടപ്പിലാക്കുന്നന്നത്.

പോഷ് ആക്ട് പ്രകാരം നിലവിലുള്ള വ്യവസ്ഥകൾക്കനുസരിച്ച് നടപ്പിലാക്കുന്നതിന് വേണ്ടിയിട്ടുള്ള മോഡ്യൂൾ പരിശീലനമാണ് സംഘടിപ്പിച്ചിരിക്കുന്നത്. നിർമ്മാതാവ് തൊഴിൽ ദാതാവാണ്. അപ്പോൾ ഇന്റേണൽ കമ്മിറ്റികൾ രൂപീകരിക്കേണ്ടതും സ്ത്രീ സുരക്ഷ ഉറപ്പാക്കേണ്ടതും നിർമ്മാതാവിന്റെ ഉത്തരവാദിത്തമാണ്. വിവിധ സംഘടനകളുടെ പ്രാതിനിധ്യം തെളിയിക്കുന്നത് നല്ല രീതിയിൽ ചലച്ചിത്ര മേഖല ഇത് സ്വീകരിക്കുന്നുണ്ട് എന്നുള്ളതാണ്. മലയാള സിനിമാ മേഖല സ്ത്രീ സൗഹൃദമാക്കുന്നതിന് ഏറ്റവും ഫലപ്രദമായിട്ടുള്ള പരിശീലന പരിപാടിയായിരിക്കും ഇതെന്നും മന്ത്രി വ്യക്തമാക്കി

ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ വനിത ശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ് സ്വാഗതവും ഡയറക്ടർ ഹരിത വി കുമാർ നന്ദിയും പറഞ്ഞു. വനിത ശിശുവികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഡോ. അദീല അബ്ദുള്ള വിഷയാവതരണം നടത്തി. സാംസ്കാരിക വകുപ്പ് ഡയറക്ടർ ഡോ. ദിവ്യ എസ് അയ്യർ, ലേബർ കമ്മീഷണർ സഫ്ന നാസറുദീൻ, ചലച്ചിത്ര അക്കാഡമി ചെയർമാൻ പ്രേംകുമാർ, റിസോഴ്സ് പേഴ്സൺ അഡ്വ. പാർവതി മേനോൻ എന്നിവർ ആശംസകൾ അർപ്പിച്ചു. സിനിമാ രംഗത്തെ 60 ഓളം പേർ പങ്കെടുത്തു.

# കൃഷിയിടങ്ങളിൽ പുതുനാമ്പുകൾ; മീനമഴയിൽ പ്രതീക്ഷ

**പത്തനംതിട്ട:** കുംഭച്ചൂടിന് ആശ്വാസം പകർന്നു മീനമാസത്തിൽ മഴ ശക്തിപ്രാപിച്ചത് കാർഷിക മേഖലയ്ക്ക് ആശ്വാസമാണ്. കൃഷിയിടങ്ങളിൽ പ്രതീക്ഷയുടെ പുതുനാന്പുകളാണ് മീന മഴ സമ്മാനിച്ചിരിക്കുന്നത്. കനത്ത വേനലിനു പിന്നാലെ മഴ ശക്തമായതോടെ വിവിധയിനം കൃഷികൾ ഇറക്കാൻ കർഷകർ ഉത്സാഹം കാട്ടി. വെല്ലുവിളികൾ ഏറെയുണ്ടായെങ്കിലും കാർഷിക മേഖല ഉപജീവനമാക്കിയിട്ടുള്ളവർ കഴിഞ്ഞ രണ്ടാഴ്ചയായി ഏറെ ആഹ്ലാദത്തിലാണ്.

ഇടയ്ക്കു മഴയ്ക്കൊപ്പം കാറ്റു വീശുന്നതു വിളവെത്താറായ കൃഷിക്കും മറ്റും നാശമുണ്ടാക്കുമെങ്കിലും കപ്പ, കാച്ചിൽ, ചേന്പ്, ചേന, ഇഞ്ചി, മഞ്ഞൾ, കിഴങ്ങ് തുടങ്ങിയ കൃഷികൾ ഇറക്കിയവർ പ്രതീക്ഷയിലാണ്. കിഴങ്ങുവർഗ കൃഷിക്കു ന്യായമായ വില വിപണിയിൽ ലഭ്യമാകുന്നതും കർഷകർക്ക് ആശ്വാസമാണ്. നല്ലയിനം വിത്തിനങ്ങൾ ശേഖരിച്ചു പലരും നേരത്തേതന്നെ കൃഷിയിറക്കി.

പച്ചക്കറി കർഷകർക്കും മഴ ആശ്വാസമായി. ചീര, പയർ, വെണ്ട, വഴുതന തുടങ്ങിയ കൃഷികൾ ഇറക്കിയവർക്ക് തുടർച്ചയായ മഴ പ്രതീക്ഷ പകരുന്നതാണ്. ഇടവളം നൽകാനും പറ്റിയ കാലാവസ്ഥയാണെന്ന് കർഷകർ പറയുന്നു. എന്നാൽ പകൽ വെയിലിൻറെ കാഠിന്യം തുടരുന്നത് പച്ചക്കറി കൃഷിക്ക് ദോഷമാണ്.

കാർഷിക മേഖലയിൽ പ്രതീക്ഷയോടെ നിലനിൽക്കുന്പോഴും വന്യമൃഗശല്യമാണ് കർഷകരുടെ പ്രധാന വെല്ലുവിളി. ജില്ലയൊട്ടാകെ കാട്ടുപന്നി കാർഷിക മേഖലയ്ക്കു സർവനാശം വിതച്ചു വരികയാണ്.

കിഴങ്ങുവർഗ കൃഷിയ്ക്കാണ് ഇവ കൂടുതൽ നാശം ഉണ്ടാക്കുന്നത്. പന്നിയെ പ്രതിരോധിക്കാൻ ഷീറ്റു കൊണ്ടും നെറ്റു കൊണ്ടുമൊക്കെ മറ സൃഷ്ടിച്ചാണ് സാധാരണ കർഷകർ കൃഷി ഇറക്കിയിട്ടുള്ളത്. സോളാർ വേലികളും സംരക്ഷണഭിത്തികളുമൊക്കെ കൃഷിയിടങ്ങൾക്കു ചുറ്റും സ്ഥാപിച്ചവരുമുണ്ട്. കിഴക്കൻ മേഖല മുതൽ പടിഞ്ഞാറുവരെയും ഇവയുടെ ശല്യം ഉണ്ടാകുന്നുണ്ട്.

കിഴക്കൻ മേഖലയിൽ കാട്ടാനയും കർഷകരെ വെല്ലുവിളിക്കുകയാണ്. കാട്ടാനക്കൂട്ടം കൃഷിയിടങ്ങൾ പൂർണമായി നശിപ്പിക്കുന്ന സ്ഥിതിയാണ്.

ഇവയുടെ ശല്യം നേരിടാൻ യാതൊരു മാർഗവുമില്ലാത്ത സ്ഥിതിയാണ്. കുരങ്ങ്, മലയണ്ണാൻ, മയിൽ, കേഴ, കാട്ടുകോഴി തുടങ്ങിയവയുടെ ശല്യവും മലയോര കർഷകർ നേരിട്ടു വരികയാണ്.

മഴ എത്തിയതോടെ കൃഷിക്ക് വളമിടാനെത്തിയപ്പോഴാണ് വില വർധന കർഷകൻറെ നടുവൊടിച്ചിരിക്കുന്നത്. കേന്ദ്രസർക്കാർ രാസവള സബ്സിഡി വെട്ടിക്കുറച്ചതോടെ വില കുത്തനെ വർധിച്ചു. രാസവളങ്ങളുടെ വില നിശ്ചയിക്കാനുള്ള അധികാരം കേന്ദ്രസക്കാരിനാണ്.

സർക്കാരിൻറെ ന്യൂട്രിയൻറ് പോളിസി പ്രകാരമാണ് വളത്തിൻറെ വിലയും സബ്സിഡിയും നിശ്ചയിക്കുന്നത്. യൂറിയ മാത്രമാണ് ഇപ്പോൾ സബ്സിഡിയുടെ പരിധിയിലുള്ളത്. മറ്റു വളങ്ങളെയല്ലാം സബ്സിഡിയിൽ നിന്ന് ഒഴിവാക്കി.

അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റവും കയറ്റിറക്ക് കൂലി വർധനയും വളങ്ങളുടെ വില വർധനയ്ക്കു കാരണമാകുന്നു.

രാസവളങ്ങളിലെ പ്രധാനിയായ പൊട്ടാഷിന് മൂന്ന് മാസത്തിനിടെ 600 രൂപയാണ് വർധിച്ചത്. 1000 രൂപയായിരുന്ന 50 കിലോഗ്രാം ചാക്കിന് ഇപ്പോൾ 1600 രൂപയാണ് വില. ചില്ലറയായി വാങ്ങുകയാണെങ്കിൽ വില വീണ്ടും വർധിക്കും.

മിക്ക കോംപ്ലക്സ് വളങ്ങൾക്കും പൊട്ടാഷ് ചേരുന്നതിനാൽ ഈ വളങ്ങൾക്കും ആനുപാതികമായ വർധന ഉണ്ടായിട്ടുണ്ട്. നൈട്രജൻ ഫോസ്ഫറസ് പൊട്ടാസ്യം വളങ്ങൾക്കും വില കൂടിയിട്ടുണ്ട്. ഡൈ അമോണിയം ഫോസ്ഫേസ്റ്റ്, സിങ്കിൾ സൂപ്പർ ഫോസ്ഫേറ്റ്, അമോണിയം സൾഫേറ്റ്, മ്യൂറേറ്റ് ഓഫ് പൊട്ടാഷ്, 10:26:26 എൻപികെ കോംപ്ലക്സ്, രാജ്ഫോസ്, ഫാക്റ്റംഫോസ്, 161616 എൻപികെ മിശ്രിതം എന്നിവയ്ക്കെല്ലാം വില വർധിച്ചു.

ഒരു ചാക്കിന് നൂറ് മുതൽ 400 രൂപ വരെ വില വർധനയാണ് മിക്ക വളങ്ങൾക്കും ഉണ്ടായിരിക്കുന്നത്. ഡൈ അമോണിയം ഫോസ്ഫേറ്റിൻറെ വില വർധിച്ചതു നെല്ല് കർഷകരെ പ്രതിസന്ധിയിലാക്കി. 1140 രൂപയായിരുന്ന ഒരു ചാക്കിന് നിലവിൽ 1300 രൂപയാണ് വില.

# ഉല്ലാസ് നിരക്ഷരതാ നിർമ്മാർജ്ജന പദ്ധതിയിൽ ആലപ്പുഴ ജില്ലയിയിൽ നിന്നും 10 ഗ്രാമ പഞ്ചായത്തുകൾ

**ആലപ്പുഴ:** നവഭാരത് സാക്ഷരത കാര്യക്രമ് (ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാം) പരിപാടിയുടെ ഭാഗമായി കേരളത്തിലെ അവശേഷിക്കുന്ന നിരക്ഷരരെ കണ്ടെത്തി സാക്ഷരരാക്കാൻ ഉല്ലാസ് എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നു.

മറ്റ് സംസ്ഥാനങ്ങളോടൊപ്പം കേരളത്തെയും പദ്ധതിയിൽ ഉൾപ്പെടുത്തി നൂറ് ശതമാനം സാക്ഷരത കൈവരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ആകെ ചെലവിന്റെ 60 ശതമാനം തുക കേന്ദ്ര സർക്കാരും 40 ശതമാനം തുക സംസ്ഥാന സർക്കാരും അനുവദിക്കും. ആലപ്പുഴയിലെ 10 ഗ്രാമ പഞ്ചായത്തുകൾ പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ടു. വയലാർ, തണ്ണീർമുക്കം, മണ്ണഞ്ചേരി, കഞ്ഞിക്കുഴി, മാരാരിക്കുളം തെക്ക്, പുന്നപ്ര വടക്ക്, തകഴി, ബുധനൂർ, ഭരണിക്കാവ്, ആല എന്നിവയാണ് തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജേശ്വരി അദ്ധ്യക്ഷയായി ജില്ലാതല സംഘാടക സമിതി രൂപീകരിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് ജോ. ഡയറക്ടറാണ് സമിതിയുടെ ജനറൽ കൺവീനർ. സാക്ഷരതാമിഷൻ ജില്ലാ കോർഡിനേറ്റർ കൺവീനറുമാണ്.

സന്നദ്ധ സംഘടനകളുടെയും മറ്റ് സർക്കാർ വകുപ്പുകളുടെയും സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. റിസോഴ്സ് പേഴ്സൺമാരെയും സന്നദ്ധ അധ്യാപകരെയും ഇതിനായി കണ്ടെത്തും. വാർഡ് തലത്തിൽ സർവെ നടത്തിയാണ് പഠിതാക്കളെ കണ്ടെത്തുക. പഠിതാക്കളുടെ സൗകര്യം കണക്കാക്കി ഓൺലൈനായും ഓഫ് ലൈനായും ക്ലാസുകൾ നൽകും. ജൂൺ 29 ന് പൊതുപരീക്ഷ നടത്തും.

# ആലപ്പുഴ ജില്ലയിലെ ആദ്യ എ.ബി.സി സെന്ററിൽ ആദ്യ ദിനം 10 ശസ്ത്രക്രിയകൾ

**ആലപ്പുഴ:** ജില്ലയിലെ തെരുവുനായ ശല്യത്തിന് ശാശ്വത പരിഹാരം കാണുന്നതിനും തെരുവുനായ്ക്കളുടെ വന്ധ്യംകരണം ഉൾപ്പെടെയുള്ള പ്രതിരോധ നടപടികൾക്കുമായി ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കണിച്ചുകുളങ്ങരയിൽ ആരംഭിച്ച അനിമൽ ബർത്ത് കൺട്രോൾ (എബിസി) സെന്ററിൽ ശസ്ത്രക്രിയകൾക്ക് തുടക്കമായി.

കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിൽ നിന്ന് പിടിച്ച 10 നായ്ക്കളെയാണ് ആദ്യദിവസം ശസ്ത്രക്രിയ ചെയ്തത്. വെറ്ററിനറി സർജൻ ഡോ. പി. എസ് ശ്രീജയുടെ നേതൃത്വത്തിലാണ് ശസ്ത്രക്രിയ നടത്തിയത്. ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. പി. വി അരുണോദയ, സെന്ററിന്റെ ചുമതലയുള്ള സീനിയർ വെറ്ററിനറി സർജൻ ഡോ. കെ. വൈ സണ്ണി എന്നിവർ ശസ്ത്രക്രീയാ നടപടികൾ വിലയിരുത്തി.

ശസ്ത്രക്രിയ പ്രവർത്തനങ്ങളുടെ സഹായത്തിനായി ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, നാല് മൃഗപരിപാലകർ, ഒരു തീയേറ്റർ സഹായി, ഒരു ശുചീകരണ തൊഴിലാളി, നായപിടുത്ത സംഘ അംഗങ്ങൾ എന്നിവരും ഉണ്ടായിരുന്നു. ശസ്ത്രക്രിയക്കുശേഷം സെന്ററിലെ കൂടുകളിലേക്ക് മാറ്റുന്ന ആൺ നായ്ക്കളെ നാല് ദിവസവും പെൺ നായ്ക്കളെ അഞ്ചു ദിവസവും നിരീക്ഷണത്തിൽ പാർപ്പിച്ചതിനു ശേഷം കൊണ്ടുവന്ന സ്ഥലത്തുതന്നെ തിരിച്ചെത്തിക്കും. ഇവയെ തിരിച്ചറിയാനായി നായ്ക്കളുടെ ചെവിയിൽ അടയാളവും പതിപ്പിക്കും. പകർച്ചവ്യാധിയുള്ള നായ്ക്കളെ ചികിത്സ നടത്തി മാത്രമേ തിരിച്ചുവിടൂ. ആന്റിബയോട്ടിക് ചികിത്സയും പേവിഷബാധക്ക് എതിരെയുള്ള കുത്തിവെപ്പും നൽകും. ഇവയ്ക്കുള്ള ഭക്ഷണവും സെന്ററിൽ നിന്ന് തന്നെയാണ് നൽകുക. ശസ്ത്രക്രിയ നടത്തിയ നായകളുടെ പരിചരണത്തിനായി രാത്രികാലങ്ങളിൽ ഒരു മൃഗപരിപാലകന്റെ സേവനവും സെന്ററിൽ ഉണ്ടാകും. കേന്ദ്ര മൃഗക്ഷേമ ബോർഡിന്റെ ആക്ഷൻ പ്ലാൻ അനുസരിച്ചാണ് പ്രവർത്തനം. ഓരോ ദിവസവും രാവിലെയും വൈകിട്ടുമായി 10 നായ്ക്കളെ വീതം പിടിച്ച് വന്ധ്യംകരിക്കുവാനാണ് നിലവിൽ പദ്ധതി ഉള്ളത്.

ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 38,24,000 രൂപ ചെലവഴിച്ച് അത്യാധുനിക സൗകര്യങ്ങളോടെ നിർമ്മിച്ച എബിസി സെന്റർ കഴിഞ്ഞ വ്യാഴാഴ്ച മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ.ചിഞ്ചു റാണിയാണ് ഉദ്ഘാടനം ചെയ്തത്. 840 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പ്രധാന കെട്ടിടം, അനുബന്ധ സൗകര്യങ്ങൾക്ക് നിർമ്മിച്ചിരിക്കുന്ന ഷെഡുകൾ, 50 നായ്ക്കളെ പാർപ്പിക്കാനുള്ള കൂടുകൾ എന്നിവ ഉൾപ്പെടെയാണ് സെന്റർ ഒരുക്കിയിട്ടുള്ളത്.

മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിലെ കണിച്ചുകുളങ്ങര മൃഗാശുപത്രിക്ക് സമീപമാണ് സെന്റർ. കഞ്ഞിക്കുഴി ബ്ലോക്കിനാണ് നിർവഹണ ചുമതല. കഞ്ഞിക്കുഴി, ആര്യാട് ബ്ലോക്ക് പഞ്ചായത്തുകളിലെയും ചേർത്തല നഗരസഭയിലെയും തെരുവ് നായ്ക്കളെയാണ് സെന്ററിൽ വന്ധ്യംകരിക്കുന്നത്.

# കെ.എസ്.ഡി.പി മെഡി മാർട്ട് മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യും

**ആലപ്പുഴ:** കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ അൻപതാം വാർഷികാഘോഷ പരിപാടികളുടെയും കെ.എസ്.ഡി.പി മെഡി മാർട്ടിന്റെയും ഉദ്ഘാടനം ഏപ്രിൽ 8ന് രാവിലെ 10ന് ആലപ്പുഴ കെ.എസ്.ഡി.പി അങ്കണത്തിൽ വ്യവസായനിയമകയർ വകുപ്പ് മന്ത്രി പി രാജീവ് നിർവഹിക്കും.

കെ.എസ്.ഡി.പി പ്രവർത്തനങ്ങൾ ആരംഭിച്ചതിന്റെ സുവർണ ജൂബിലി ആഘോഷിക്കുന്നതിന്റെ ഭാഗമായി കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള മരുന്നുകൾ, സർജിക്കൽ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായാണ് മെഡി മാർട്ട് ആരംഭിക്കുന്നത്. ഇവിടെ മരുന്നുകൾ 10 മുതൽ 20 % വരെ വിലക്കുറവിൽ ലഭ്യമാക്കും. 5 കിലോമീറ്റർ ചുറ്റളവിൽ ഹോം ഡെലിവറി സംവിധാനവുമുണ്ടാകും.

കെ സി വേണുഗോപാൽ എം.പി., പി പി ചിത്തരഞ്ജൻ എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജേശ്വരി, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ്, കെ.എസ്.ഡി.പി ചെയർമാൻ സി ബി ചന്ദ്രബാബു, കെ.എസ്.ഡി.പി മാനേജിങ് ഡയറക്ടർ ഇ എ സുബ്രമണ്യൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

# ജീവനക്കാർ സജ്ജം; ആരോഗ്യ വകുപ്പ് ഇനി സമ്പൂർണ ഡിജിറ്റൽ

**കൊല്ലം:** ജില്ലയിലെ ആരോഗ്യ വകുപ്പ് സമ്പൂർണ ഡിജിറ്റൽ സംവിധാനങ്ങളിലേക്ക്. എല്ലാ ഫയലുകളും ഡിജിറ്റൽ വത്കരിച്ചാണ് പുതിയ ചുവടുവെയ്പ്പ്. ഇതിന്റെ ഭാഗമായി ആരോഗ്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഇഓഫീസ് പരിശീലനം നൽകി.

ഫയലുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ഐ.ഡി, പാസ് വേഡ് എന്നിവ നൽകുകയും ഇവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് തുടർനടപടികളുമായി മുന്നോട്ടുപോകുകയുമാണ് ഇഓഫീസ് വഴി ചെയ്യുക. ഓഫീസുകൾ ഡിജിറ്റൽ സംവിധാനങ്ങളിലേക്ക് മാറുന്നതോടെ ഫയലുകൾ വേഗത്തിൽ കൈകാര്യം ചെയ്യാനും ഇവ നഷ്ടപെടാതിരിക്കാനും സഹായകമാകും.

പരിശീലനം ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എ. അനിത ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി ഡി.എം.ഒ ഡോ. എ.ആർ ശ്രീഹരി അധ്യക്ഷത വഹിച്ചു. സ്റ്റേറ്റ് ഇ ഓഫീസ് ട്രെയിനർ വിവേക് രഞ്ജൻ പരിശീലനത്തിന് നേതൃത്വം നൽകി.

# അവയവദാനത്തെ കുറിച്ചുള്ള മിഥ്യാധാരണകൾ മാറണം: കളക്ടർ

**തിരുവനന്തപുരം:** അവയവദാനം പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും അതിനെ കുറിച്ച് സമൂഹത്തിലുള്ള മിഥ്യാധാരണകൾ മാറേണ്ടതാണെന്നും ജില്ലാ കളക്ടർ അനു കുമാരി. കളക്ടറേറ്റിലെ ജീവനക്കാർക്കായി കെ സോട്ടോ നടത്തിയ അവയവദാന ബോധവൽക്കരണ ക്ലാസും രജിസ്ട്രേഷൻ ഡ്രൈവും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു കളക്ടർ.

രക്തദാനം എത്ര തവണ വേണമെങ്കിലും നടത്താൻ നമ്മൾ തയ്യാറാണ്. പക്ഷേ അവയവദാനത്തിന്റെ കാര്യത്തിൽ ഇപ്പോഴും പുറകിലാണ്. ഒരാളുടെ ജീവൻ രക്ഷിക്കാൻ കഴിയുന്നത് മഹത്തായ കാര്യമാണ്. പാവപ്പെട്ടവരെ സഹായിക്കാൻ കഴിയുന്ന വലിയൊരു അവസരമാണ് അവയവദാനത്തിലൂടെ കിട്ടുന്നതെന്നും അവർ പറഞ്ഞു. മരിച്ചു കഴിഞ്ഞാലും നമ്മുടെ സാന്നിധ്യം അവയവദാനത്തിലൂടെ ഭൂമിയിൽ നിലനിർത്താൻ കഴിയുമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച സബ് കളക്ടർ ഒ വി ആൽഫ്രഡ് പറഞ്ഞു.

സംസ്ഥാനത്ത് മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും അവയവദാന സന്ദേശം പ്രചരിപ്പിക്കുന്നതിനും ആണ് കെസോട്ടോ (കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ) ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചത്.

അവയവദാനവുമായി ബന്ധപ്പെട്ട് കെസോട്ടോ തയ്യാറാക്കിയ വീഡിയോയും പ്രദർശിപ്പിച്ചു. ചടങ്ങിൽ എ ഡി എം ബീന പി ആനന്ദ്, കെ സോട്ടോ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.എസ്.എസ് നോബിൾ ഗ്രേഷ്യസ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ബിനോയ് മാത്യു, കളക്ടറേറ്റിലെ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# സൗജന്യ പരിശീലനം

**കോഴിക്കോട്:** കേന്ദ്ര സർക്കാരിന്റെ ഗ്രാമ വികസന മന്ത്രാലയത്തിനു കീഴിൽ കോഴിക്കോട് മാത്തറയിലെ കനറാ ബാങ്ക് ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രത്തിൽ (കാനറാ ബാങ്ക് ആർസെറ്റി) 13 ദിവസത്തെ സൗജന്യ 'ഇൻസ്റ്റലേഷൻ ആന്റ് സെർവീസിങ് ഓഫ് സിസിടിവി ക്യാമറ, സെക്യൂരിറ്റി അലാറം ആന്റ് സ്മോക്ക് ഡിറ്റക്ടർ' പരിശീലനത്തിന് അപേക്ഷകൾ ക്ഷണിച്ചു. 18 നും 45 നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയ്യതി ഏപ്രിൽ 12. ഫോൺ 9447276470.




# വിജയ പ്രതീക്ഷകളുടെ പുത്തൻ സീസണിലേക്ക് കേരള ബ്ലാസ്റ്റേഴ്സ് ; നയിക്കാൻ ദവീദ് കറ്റാല

**കൊച്ചി:** വിജയ പ്രതീക്ഷകളോടെ കേരള ബ്ലാസ്റ്റേഴ്സ എഫ്സിയെ നയിക്കാൻ ഇനി പുതിയ കോച്ച് ദവീദ് ക്റ്റാല. ദവീദ് ഞങ്ങൾക്കൊപ്പം ചേർന്നതിൽ സന്തോഷമുണ്ടെന്നും ടീമിനെ നയിക്കാൻ അദ്ദേഹം പ്രാപ്തനാണെന്ന ആത്മവിശ്വാസം ക്ലബിനുണ്ടെന്നും ദവീദ് കറ്റാലയെ സ്വാഗതം ചെയ്തുകൊണ്ട് കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നടന്ന വാർത്താ സമ്മേളനത്തിൽ കേരള ബ്ലാസ്റ്റേഴ്സ് എഫ്സി സിഇഒ അഭിക് ചാറ്റർജി പറഞ്ഞു. അദ്ദേഹത്തിന്റെ അനുഭവ സമ്പത്തും വീക്ഷണവും ക്ലബിന്റെ ലക്ഷ്യങ്ങളുമായി ചേർന്നുപോകുന്നവയാണ്. ക്ലബിന്റെ എല്ലാ പ്രവർത്തനങ്ങളും പൂർണ സുതാര്യതയോടെ ആരാധകരുമായും മാധ്യമങ്ങളുമായും പങ്ക് വയ്ക്കുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ക്ലബിന്റെ പുതിയ ഹെഡ് കോച്ചായി നിയമിക്കപ്പെട്ട ദവീദ് കറ്റാല ക്ലബിനെക്കുറിച്ചുള്ള തന്റെ പ്രതീക്ഷകളും പദ്ധതികളും പങ്കുവച്ചു. കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയുടെ ഭാഗമാകാൻ സാധിച്ചതിൽ ഏറെ അഭിമാനമുണ്ട്. വലിയ സാധ്യതകളുള്ള ടീമാണ് ബ്ലാസ്റ്റേഴ്സ്, ഒപ്പം ശക്തമായ ആരാധക അടിത്തറയും ക്ലബിനുണ്ട്. ഒരു കോംപാക്ട് ടീമിനെ സജ്ജമാക്കുവാനായിരിക്കും ഞാൻ ശ്രമിക്കുന്നത്. അറ്റാക്കിംഗിനും പ്രതിരോധത്തിനും തികഞ്ഞ സന്തുലിത നൽകിക്കൊണ്ട് ഓരോ മാച്ചിലും മികച്ച പ്രകടനം കാഴ്ചവെക്കാനാകുന്ന ഒരു ടീമിനെ തയ്യാറാക്കുവാനാണ് ഞങ്ങളുടെ ലക്ഷ്യം. കറ്റാല കൂട്ടിച്ചേർത്തു. 'ദവീദ് കറ്റാല ഇപ്പോൾ ക്ലബിന്റെ ഹെഡ് കോച്ചായി ചുമതലയേറ്റെടുത്തിരിക്കുന്നതിനാൽ അടുത്ത സീസണിലേക്ക് മികച്ച ഒരു ടീമിനെ തയ്യാറാക്കുവാനുള്ള സമയം അദ്ദേഹത്തിന് ലഭിക്കുമെന്ന് സ്പോർട്ടിംഗ് ഡയറക്ടർ കരോളിസ് സ്കിങ്കിസ് പറഞ്ഞു.ടീമിനെയും അംഗങ്ങളേയും കൃത്യമായി മനസ്സിലാക്കുവാനും വരും സീസണുകളിലേക്കുള്ള കൃത്യമായ തയ്യാറെടുപ്പും ഇതിലൂടെ സാധ്യമാകും. ടീമിനെ വിജയത്തിലേക്ക് നയിക്കുവാൻ അദ്ദേഹത്തിന് സാധിക്കുമെന്ന് ഞങ്ങൾ പൂർണമായും വിശ്വസിക്കുന്നുവെന്നും കരോളിസ് സ്കിങ്കിസ് പറഞ്ഞു.കോച്ചിംഗ് ഫിലോസഫി: ടീമിലെ ഓരോ അംഗങ്ങളുടേയും ഏറ്റവും മികച്ച പ്രകടനം ഉറപ്പാക്കിക്കൊണ്ട് മികച്ച ടീമിനെ വാർത്തെടുക്കുന്നതിലാണ് പുതിയ ഹെഡ് കോച്ച് ഊന്നൽ നൽകുക. അറ്റാക്കിംഗിനും പ്രതിരോധത്തിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള സന്തുലിത രീതിയാണ് അദ്ദേഹം ലക്ഷ്യം വയ്ക്കുന്നത്. ടീം അസസ്മെന്റും ഭാവി പദ്ധതികളും: ടീമിനാവശ്യമായ കളിക്കാരെ തിരിച്ചറിയുവാനും തെരഞ്ഞെടുക്കുവാനും ഒപ്പം തന്ത്രപരമായ മറ്റ് കാര്യങ്ങളിലും അദ്ദേഹം ക്ലബുമായി ഒരുമിച്ച് പ്രവർത്തിക്കും. സൂപ്പർ കപ്പും വരും സീസണും: സൂപ്പർ കപ്പിൽ ശക്തമായ പ്രകടനം കാഴ്ചവയ്ക്കുവാനും വിജയകരമായ ഐഎസ്എൽ സീസണുമാണ് ക്ലബ് ലക്ഷ്യമിടുന്നത്. നിലവിലുള്ള സ്ക്വാഡ് മികച്ച ടീം തന്നെയാണ്. ഭാവിയിലെ കരാറുകൾ കറ്റാലയുടെ കാഴ്ചപ്പാടിനും ടീമിന്റെ ആവശ്യകതകൾക്കും അനുസൃതമായിരിക്കും. ഫാൻ എൻഗേജ്മെന്റും മറ്റ് പദ്ധതികളും: ആരാധകരുടെ സൗകര്യാർത്ഥം കൊച്ചിയ്ക്ക് പുറമേ കോഴിക്കോടും കേരള ബ്ലാസ്റ്റേഴ്സിന്റെ ഹോം മാച്ചുകൾ നടത്തുന്നതിനുള്ള സാധ്യതകൾ ക്ലബ് പരിഗണിക്കുന്നുണ്ട്. ഇതിനായുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്. ക്ലബും ആരാധകരുമായുള്ള ആശയവിനിമയം കൂടുതൽ വ്യക്തവും സുതാര്യവുമാക്കുന്നതിനായി ഫാൻ അഡ്വൈസറി ബോർഡും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്.

# ലോകാരോഗ്യ ദിനം: പ്രമേഹ രോഗികളുടെ എണ്ണം കൂടുന്നത് ആശങ്കയെന്ന് വിദഗ്ധർ

**കൊച്ചി:** ഭക്ഷണശീലങ്ങളിലെ മാറ്റങ്ങളും ഉദാസീനമായ ജീവിതശൈലിയും ഇന്ത്യയിൽ പൊണ്ണത്തടി, ഹൃദയ സംബന്ധമായ അസുഖങ്ങൾ, പ്രമേഹം എന്നിവ വർധിക്കുന്നതിന് കാരണമായിട്ടുണ്ടെന്ന് പ്രമുഖ ഡയറ്റീഷ്യനും മാക്സ് ഹെൽത്ത്കെയറിന്റെ ഡയറ്ററ്റിക്സ് റീജിയണൽ ഹെഡുമായ റിതിക സമദ്ദർ പറഞ്ഞു. ഉദാസീനമായ ജീവിതശൈലി, മോശം ഭക്ഷണശീലങ്ങൾ, മറ്റ് അവശ്യ പോഷകങ്ങളുടെ അഭാവമുള്ള കാർബോഹൈഡ്രേറ്റ് കൂടുതലുള്ള ഭക്ഷണക്രമം എന്നിവ ഇതിന് കാരണമാകുന്നതെന്ന് ന്യൂട്രീഷ്യൻ ആൻഡ് വെൽനെസ് കൺസൾട്ടന്റ് ഷീല കൃഷ്ണസ്വാമി പറഞ്ഞു. ഇന്ത്യയിൽ വളർന്നുവരുന്ന പൊണ്ണത്തടി പ്രതിസന്ധി പരിഹരിക്കേണ്ടത് പ്രധാനമാണെന്നും അവർ കൂട്ടിച്ചേർത്തു. ഏപ്രിൽ 7ന് ലോകമെമ്പാടും ആചരിക്കുന്ന ലോകാരോഗ്യ ദിനത്തോടനുബന്ധിച്ച് ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ കൊച്ചിയിൽ സംഘടിപ്പിച്ച ടേബിൾടോക്കിൽ സംസാരിക്കുകയായിരുന്നു ഇരുവരും. കൂടുതൽ പച്ചക്കറികൾ, പഴങ്ങൾ, ബദാം പോലുള്ള പോഷകസമൃദ്ധമായ നട്സ് എന്നിവ ഉൾപ്പെടുത്തുന്നത് വലിയ മാറ്റമുണ്ടാക്കുമെന്നും അവർ പറഞ്ഞു. മൊത്തം കൊളസ്ട്രോളിന്റെയും എൽഡിഎൽ കൊളസ്ട്രോളിന്റെയും അളവ് കുറയ്ക്കാനും ഹൃദയത്തിന് ഹാനികരമായ വീക്കം കുറയ്ക്കാനും സഹായിക്കുമെന്നതിനാൽ ബദാം ഹൃദയാരോഗ്യത്തിന് പ്രത്യേകിച്ചും ഗുണം ചെയ്യും. 15 അവശ്യ പോഷകങ്ങളാൽ സമ്പുഷ്ടമായ ബദാം സംതൃപ്തി വർധിപ്പിക്കാനും, മൊത്തത്തിലുള്ള കലോറി ഉപഭോഗം കുറയ്ക്കാനും, ഭാരം നിയന്ത്രിക്കാനും സഹായിക്കും. ലോകത്തിന്റെ പ്രമേഹ തലസ്ഥാനം എന്നറിയപ്പെടുന്ന ഇന്ത്യയിൽ, എല്ലാ ദിവസവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. നിരവധി വ്യക്തികൾ പ്രമേഹത്തിന് മുമ്പുള്ള ഘട്ടത്തിലാണ്, അതിനാൽ ബദാം പോലുള്ള ആരോഗ്യകരമായ ലഘു ഭക്ഷണങ്ങളിൽ നിന്ന് ആരംഭിച്ച് മികച്ച ഭക്ഷണ തിരഞ്ഞെടുപ്പുകൾ നടത്തുക എന്നതാണ് ആരോഗ്യം കൈകാര്യം ചെയ്യാനുള്ള പ്രധാന മാർഗം. സംസ്കരിച്ചതോ പഞ്ചസാര അടങ്ങിയതോ ആയ ഭക്ഷണങ്ങൾ തിരഞ്ഞെടുക്കുന്നതിനുപകരം, പഴങ്ങൾ, പച്ചക്കറികൾ, ബദാം പോലുള്ള പോഷക സമ്പുഷ്ടമായ ഇതരമാർഗങ്ങൾ തിരഞ്ഞെടുക്കണം.

പ്രകൃതിദത്ത പ്രോട്ടീനും നാരുകളും അടങ്ങിയ ബദാം, ആരോഗ്യകരമായ രക്തത്തിലെ പഞ്ചസാരയുടെ അളവ് നിലനിർത്താൻ സഹായിക്കും. ടൈപ്പ് 2 പ്രമേഹമുള്ളവർക്ക് രക്തത്തിലെ പഞ്ചസാര നിയന്ത്രിക്കാനും ബദാം സഹായിച്ചേക്കാമെന്നും ഇരുവരും അഭിപ്രായപ്പെട്ടു.

# ദി വെർഡിക്റ്റ്

വരലക്ഷ്മിസുഹാസിനി എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നവാഗതനായ കൃഷ്ണ ശങ്കർ സംവിധാനം ചെയ്യുന്ന തമിഴ് ചിത്രമാണ് ”ദി വെർഡിക്റ്റ് ‘അമേരിക്കയിൽ നടക്കുന്ന ദി വെർഡിക്റ്റ് എന്ന നിയമപരമായ നാടകത്തിലാണ് സുഹാസിനി മണിരത്നവും വരലക്ഷ്മി ശരത്കുമാറും അഭിനയിക്കുന്നത്. ശ്രുതി ഹരിഹരൻ, വിദ്യുലേഖ രാമൻ, പ്രകാശ് മോഹൻദാസ് എന്നിവരും എന്നിവരും ഈ ചിത്രത്തിൽ പ്രധാന വേഷങ്ങളിൽ എത്തുന്നു. നവാഗതനായ കൃഷ്ണ ശങ്കർ സംവിധാനം ചെയ്യുന്ന ചിത്രം വെറും 23 ദിവസം കൊണ്ടാണ് ചിത്രീകരണം പൂർത്തിയാക്കിയത്വിപുലമായ പ്രീപ്രൊഡക്ഷൻ എത്രത്തോളം സുഗമമായ ഷൂട്ടിംഗിന് സഹായിക്കുമെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട്, ഷൂട്ടിംഗ് ആരംഭിക്കുന്നതിന് മുമ്പ് തയ്യാറെടുപ്പ് ജോലികൾക്കായി ഒമ്പത് മാസമെടുത്തു എന്ന് ശങ്കർ പറയുന്നു. ‘2023 ജനുവരിയിൽ പ്രീപ്രൊഡക്ഷൻ ആരംഭിച്ചു, അതേ വർഷം സെപ്റ്റംബറിൽ ഞങ്ങൾ ചിത്രീകരണത്തിനായി പോയി. പോസ്റ്റ്പ്രൊഡക്ഷൻ മൂന്ന് മാസം നീണ്ടുനിന്നു,‘ അദ്ദേഹം പറയുന്നു.യുഎസിലെ ഒരു കോടതിമുറി നാടകവുമായി തമിഴ് പ്രേക്ഷകർക്ക് ബന്ധപ്പെടാൻ കഴിയുമോ എന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറയുന്നു, ‘ജൂറി സമ്പ്രദായം ഒഴികെ, ഇന്ത്യയിലെയും യുഎസിലെയും കോടതി നടപടികൾ തമ്മിൽ വലിയ വ്യത്യാസമില്ലെന്ന് ഞാൻ കരുതുന്നു. കൂടാതെ, കോടതിക്ക് പുറത്ത് നടക്കുന്ന കാര്യങ്ങൾ സാധാരണവും ഇന്ത്യൻ പ്രേക്ഷകർക്ക് ബാധകവുമാണ്.“മുതിർന്ന അഭിനേതാക്കൾ ആവശ്യക്കാരില്ലാത്തവരും വളരെ സഹകരണമുള്ളവരുമായിരുന്നു, അതില്ലാതെ ഷൂട്ടിംഗ് ഇത്ര പെട്ടെന്ന് അവസാനിപ്പിക്കാൻ കഴിയുമായിരുന്നില്ല.‘ ’പുതുപ്പേട്ടൈ’, ’7ഏ റെയിൻബോ കോളനി’ എന്നീ ചിത്രങ്ങളിലൂടെ പ്രശസ്തനായ ഛായാഗ്രാഹകൻ അരവിന്ദ് കൃഷ്ണ ഛായാഗ്രഹണം നിർവഹിക്കുന്നു.’വിക്രം വേദ’ എന്ന ചിത്രത്തിലൂടെ ശ്രദ്ധേയനായസതീഷ് സൂര്യ എഡിറ്റിംഗ് നിർവ്വഹിക്കുന്നു. ആദിത്യ റാവു സംഗീതം പകരുന്നു.



അഗ്നി എന്റർടൈൻമെന്റിന്റെ ബാനറിൽ പ്രകാശ് മോഹൻദാസ് നിർമ്മിക്കുന്ന ദി വെർഡിക്റ്റ് മെയ് അവസാന വാരം തെക്കേപ്പാട്ട് ഫിലിംസ് കേരളത്തിൽപ്രദർശനത്തിനെത്തിക്കുന്നു.പി ആർ ഒഎ എസ് ദിനേശ്.




# റെട്രോയുടെ കേരളാ വിതരണാവകാശം വൈക മെറിലാൻഡിന്

കാർത്തിക് സുബ്ബരാജ് സംവിധാനം ചെയ്യുന്ന സൂര്യ ചിത്രം റെട്രോയുടെ കേരളാ വിതരണാവകാശം മലയാളത്തിന്റെ അനശ്വര നിർമാതാവ് പി. സുബ്രഹ്മണ്യത്തിന്റെ ചെറുമകൻ സെന്തിൽ സുബ്രഹ്മണ്യൻ  നേതൃത്വം നൽകുന്ന വൈക മെറിലാൻഡ് റിലീസ് കരസ്ഥമാക്കി. എൺപത്തി രണ്ടോളം സിനിമകൾ മലയാളത്തിന് സമ്മാനിച്ചിട്ടുള്ള മെറിലാൻഡ് സ്റ്റുഡിയോസ് വൻ തുകയ്ക്കാണ് റെട്രോയുടെ കേരളാ വിതരണാവകാശം കരസ്ഥമാക്കിയത്. പൂജാ ഹെഗ്ഡെ നായികയായെത്തുന്ന റെട്രോയിൽ മലയാളി പ്രേക്ഷകരുടെ പ്രിയ താരങ്ങളായ ജോജു ജോർജ്, ജയറാം എന്നിവരും നാസർ, പ്രകാശ് രാജ്, കരുണാകരൻ, വിദ്യാ ശങ്കർ, തമിഴ് തുടങ്ങി നിരവധി താരങ്ങളും പ്രധാന കഥാപാത്രങ്ങളിലെത്തുന്നു. മേയ് ഒന്നിന് റെട്രോ ലോകവ്യാപകമായി തിയേറ്ററുകളിലേക്കെത്തും.കാർത്തിക്ക് സുബ്ബരാജിന്റെ സംവിധാനത്തിലൊരുങ്ങുന്ന റെട്രോയുടെ അണിയറപ്രവർത്തകർ ഇവരാണ്. സംഗീതസംവിധാനം : സന്തോഷ് നാരായണൻ, ഛായാഗ്രഹണം : ശ്രേയാസ് കൃഷ്ണ, എഡിറ്റിംഗ് : ഷഫീഖ് മുഹമ്മദ് അലി, കലാസംവിധാനം: ജാക്കി, വസ്ത്രാലങ്കാരം: പ്രവീൺ രാജ , സ്റ്റണ്ട്: കേച്ച കംഫക്ദീ, മേക്കപ്പ്: വിനോദ് സുകുമാരൻ, സൗണ്ട് ഡിസൈൻ: സുരൻ.ജി, അളഗിയക്കൂത്തൻ, കൊറിയോഗ്രാഫി: ഷെരീഫ്.എം ,പബ്ലിസിറ്റി ഡിസൈൻ: ട്യൂണി ജോൺ, പി ആർ ഓ : പ്രതീഷ് ശേഖർ.

# എൽ ജഗദമ്മ ഏഴാം ക്ളാസ് ബി മേയ് 2 ന്

എവർസ്റ്റാർ ഇന്ത്യൻസിന്റെ ബാനറിൽ പ്രശസ്ത ചലച്ചിത്ര താരം ഉർവശി, ഫോസിൽ ഹോൾഡിംഗ്സ് എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ‘എൽ ജഗദമ്മ എഴാം ക്ലാസ് ബി‘ മേയ് 2 ന് തിയേറ്ററുകളിലേക്കെത്തും. ഉർവ്വശിയുടെ ഭർത്താവായ ശിവാസ് (ശിവപ്രസാദ്) കഥ, തിരക്കഥ, സംഭാഷണമെഴുതി സംവിധാനം നിർവഹിക്കുന്നു. എൽ ജഗദമ്മ ഏഴാം ക്ലാസ് ബി സിനിമയുടെ പേരിലെ കൗതുകവും ഉർവ്വശിയുടെ കേന്ദ്ര കഥാപാത്രവുമാണ് ഈ ചിത്രത്തിന്റെ പ്രധാന ആകർഷണ ഘടകം. സ്ത്രീ കഥാപാത്രങ്ങൾക്ക് ഏറെ പ്രാധാന്യം നൽകി അവരുടെ ജീവിതത്തിന്റെ നേർക്കാഴ്ചകൾ അവതരിപ്പിക്കുന്ന സ്ത്രീപക്ഷ സിനിമയായ എൽ ജഗദമ്മ ഏഴാം ക്ലാസ് ബിയിൽ കലേഷ് രാമാനന്ദ്, ബാലചന്ദ്രൻ ചുള്ളിക്കാട്, രാജേഷ് ശർമ്മ, കിഷോർ, നോബി, വി കെ ബൈജു, രശ്മി അനിൽ, ശൈലജ അമ്പു, ജിബിൻ ഗോപിനാഥ്, അഞ്ജലി സത്യനാഥ്, എന്നിവരോടൊപ്പം അമ്പതിലധികം പുതുമുഖങ്ങളും ശ്രദ്ധേയമായ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.എൽ ജഗദമ്മ ഏഴാം ക്ലാസ് ബി ചിത്രത്തിന്റെ അണിയറപ്രവർത്തകർ ഇവരാണ്. ഛായാഗ്രഹണം : അനിൽ നായർ, സംഗീത സംവിധാനം : കൈലാസ് മേനോൻ,ലിറിക്സ് : ബി ഹരിനാരായണൻ, എഡിറ്റർ: ഷൈജൽ, പ്രൊഡക്ഷൻ കൺട്രോളർ : ഷാഫി ചെമ്മാട്, ചീഫ് അസോസിയേറ്റ് ഡയറക്ടർ: റെജിവാൻ അബ്ദുൽ ബഷീർ, ആർട്ട് ഡയറക്ടർ : രാജേഷ് മേനോൻ, കോസ്റ്റ്യൂംസ്: കുമാർ എടപ്പാൾ, മേക്കപ്പ്: ഹസ്സൻ വണ്ടൂർ,  സ്റ്റിൽസ്: നന്ദു ഗോപാലകൃഷ്ണൻ,ടൈറ്റിൽ കാലിഗ്രാഫി: നാരായണ ഭട്ടതിരി, പബ്ലിസിറ്റി ഡിസൈനിങ്: ജയറാം രാമചന്ദ്രൻ





# ആ ലോകം

കഴിഞ്ഞ വർഷം ഐഎഫ്എഫ്കെയിൽ പ്രദർശിപ്പിച്ച ’മായുന്നു, മാറിവരയുന്നു, നിശ്വാസങ്ങളിൽ...’സിനിമയിലൂടെ ശ്രദ്ധേയനായ ഡോക്ടർ അഭിലാഷ് ബാബുവിന്റെ ആദ്യ സിനിമ ’ആലോകം: ഞമിഴലേ ീള ഢശശെീ’ മിനിമൽ സിനിമയുടെ യൂട്യൂബ് ചാനലിലൂടെ റിലീസായി. മലയാളത്തിലെ സ്വതന്ത്ര സിനിമകളെ കൂടുതൽ ജനകീയമാക്കുക എന്ന ലക്ഷ്യത്തിലാണ് മിനിമൽ സിനിമ പ്രവർത്തിച്ചുവരുന്നത്. രാംദാസ് കടവല്ലൂർ സംവിധാനം ചെയ്ത ’മണ്ണ്’, ശ്രീകൃഷ്ണൻ കെ.പി. യുടെ ’മറുപാതൈ’, പ്രതാപ് ജോസഫിന്റെ ’കുറ്റിപ്പുറം പാലം’, ’അവൾക്കൊപ്പം’, ’52 സെക്കന്റ്’ എന്നിവയാണ് ചാനലിലെ മറ്റ് റിലീസുകൾ. ആഴ്ചയിൽ ഒരു പുതിയ സ്വതന്ത്രസിനിമ വീതം റിലീസ് ചെയ്യുക എന്നതാണ് ചാനൽ ലക്ഷ്യം വെക്കുന്നത്.

ബ്രിട്ടീഷ് കവി റോബർട്ട് ബ്രൗണിങ്ങിന്റെ അഞ്ച് പ്രസിദ്ധ കവിതകൾ സിനിമയ്ക്കുള്ളിലെ സിനിമയായി അവതരിപ്പിക്കുന്ന ആലോകം 2023ലാണ് പൂർത്തിയായത്. ഫിലിം സൊസൈറ്റികളിലും വിവിധ സാഹിത്യ, മീഡിയ ഡിപ്പാർട്ടുമെന്റുകളിലും ’ആലോകം’ പ്രദർശിപ്പിച്ചുവരുന്നു.

വൈലോപ്പിള്ളിയുടെ ’കൃഷ്ണാഷ്ടമി’ എന്ന കവിതയെ അടിസ്ഥാനമാക്കിയുള്ള അഭിലാഷ് ബാബുവിന്റെ ’കൃഷ്ണാഷ്ടമി: the book of dry leaves' എന്ന സിനിമ ചിത്രീകരണത്തിന്റെ ഘട്ടത്തിലാണ്. ജിയോ ബേബി പ്രധാന വേഷത്തിലെത്തുന്ന ഈ ചിത്രത്തിന്റെ സംഗീതം നിർവഹിക്കുന്നത് ഔസേപ്പച്ചനാണ്.പി ആർ ഒഎ എസ് ദിനേശ്.



# കൺസിയർജ് ബൈ ടിറ അവതരിപ്പിച്ചു

**കൊച്ചി/ മുംബൈ:** റിലയൻസ് റീട്ടെയിൽ ലിമിറ്റഡിന്റെ ബ്യൂട്ടി വിഭാഗമായ ടിറ ആഡംബര സൗന്ദര്യ മേഖലയിൽ പുതു അനുഭവങ്ങൾ പ്രദാനം ചെയ്യുന്നതിനായി എക്സ്ക്ലൂസീവ് സേവനമായ കൺസിയർജ് ബൈ ടിറ അവതരിപ്പിച്ചു. തങ്ങളുടെ ഏറ്റവും ആദരണീയരായ ഉപഭോക്താക്കൾക്ക് ആഡംബര സൗന്ദര്യാനുഭവം മെച്ചപ്പെടുത്തുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന എക്സ്ക്ലൂസീവ് സേവനമാണ് കൺസിയർജ് ബൈ ടിറ. ഉപഭോക്താക്കളുടെ ഇഷ്ടാനുസരണമുള്ള സേവനങ്ങൾ, സൗന്ദര്യ മേഖലയിലെ നൂതനാത്മകമായ പരീക്ഷണങ്ങൾ, ഉയർന്ന വ്യക്തിഗതപരിചരണം തുടങ്ങി നിരവധി ആഡംബര സേവനങ്ങളാണ് ടിറ ലഭ്യമാക്കുന്നത്. തങ്ങളുടെ വ്യക്തിത്വത്തിന് അനുയോജ്യമായ സെലക്ഷനും മാർഗനിർദേശവും ലഭിക്കുന്നതിന് ഉപഭോക്താക്കളെ സഹായിക്കുന്ന സംവിധാനവും കൺസിയർജ് ബൈ ടിറയിൽ ലഭ്യമാണ്. ഇതിനായി ഉപഭോക്താക്കൾക്ക് തങ്ങൾക്കായി വിനിയോഗിക്കുന്ന ബ്യൂട്ടി അഡൈ്വസറിലേക്ക് നേരിട്ട് അക്സസ് ലഭിക്കും. വ്യക്തിഗത റെക്കമൻഡേഷനുകൾ, എക്സ്ക്ലൂസിവ് പ്രീ ഓർഡറുകൾ, തൽസമയ ഓർഡർ ട്രാക്കിംഗ് സംവിധാനം, പരാതികൾ പരിഹരിക്കുന്നതിന് മുൻഗണന തുടങ്ങി നിരവധി സേവനങ്ങളാകും ഇതിന്റെ ഭാഗമാകുന്ന ആഡംബര ഉപഭോക്താക്കൾക്ക് ലഭ്യമാകുകയെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# 7300 എംഎഎച്ച് ബാറ്ററിയുമായി ഐക്യു ഇസഡ് 10



**കൊച്ചി:** ഉയർന്ന പ്രകടനശേഷിയുള്ള സ്മാർട്ട്ഫോൺ ബ്രാൻഡായ ഐക്യു 2025 ഏപ്രിൽ 11 ന് ഇന്ത്യയിൽ ഐക്യു ഇസഡ് 10 സീരീസ് പുറത്തിറക്കാൻ ഒരുങ്ങുന്നു.കോളേജ് വിദ്യാർത്ഥികളെയും യുവ പ്രൊഫഷണലുകളെയും ലക്ഷ്യം വച്ചുള്ള ഐക്യുഒഒ ഇസഡ് 10 ഇന്ത്യയിലെ ആദ്യത്തെയും ഏറ്റവും വലുതുമായ 7300 എംഎഎച്ച് ബാറ്ററി സ്മാർട്ട്ഫോണാണ്. കനത്ത ഉപയോഗത്തിൽ പോലും രണ്ട് ദിവസത്തിൽ കൂടുതൽ എളുപ്പത്തിൽ നിലനിൽക്കാൻ ഇതിന് കഴിയും. 0.789 സെന്റീമീറ്റർ കനമുള്ള ഇന്ത്യയിലെ ഏറ്റവും മെലിഞ്ഞ 7300 എംഎഎച്ച് ബാറ്ററി സ്മാർട്ട്ഫോൺ കൂടിയാണിത്.

# 22 ബിസിനസുകളെ തെരഞ്ഞെടുത്ത് ഡിബിഎസ് ഫൗണ്ടേഷൻ

**കൊച്ചി:** പ്രധാന വിപണികളിൽ നിന്നുള്ള 22 ബിസിനസ് ഫോർ ഇംപാക്ടുകളെ (ബിഎഫ്ഐ) ഡിബിഎസ് ഫൗണ്ടേഷൻ തങ്ങളുടെ വാർഷിക ഗ്രാൻറ് അവാർഡ് പദ്ധതി പ്രകാരമുള്ള ഫണ്ടിങ്ങിനായി തെരഞ്ഞെടുത്തു. ഇവയിൽ നാലെണ്ണം ഇന്ത്യയിൽ നിന്നാണ്. 1500 അപേക്ഷകരിൽ നിന്നു തെരഞ്ഞെടുത്ത ഇവർക്ക് ആകെ 4.5 ദശലക്ഷം സിംഗപൂർ ഡോളറിന്റെ ഫണ്ടിങ്ങാവും ലഭിക്കുക. തങ്ങളുടെ ബിസിനസ് വികസിപ്പിക്കാനും ആവശ്യമുള്ള പ്രാദേശിക സമൂഹങ്ങളെ സഹായിക്കാനുമാണിത്. ഈ 22 സ്ഥാപനങ്ങളിലൂടെ ലഭിക്കുന്ന സഹായം അടുത്ത രണ്ടു വർഷങ്ങളിലായി എട്ടു ലക്ഷം പേർക്കു ഗുണകരമാകും എന്നാണ് കണക്കു കൂട്ടുന്നതെന്ന് അധികൃതർ വ്യക്തമാക്കി..അടിസ്ഥാന വിദ്യാഭ്യാസം, പോഷകാഹാരം, ആരോഗ്യ പരിചരണം തുടങ്ങിയ അനിവാര്യ ആവശ്യങ്ങൾ, കഴിവുകൾ വികസിപ്പിക്കുന്നതിലൂടെ എല്ലാവരേയും ഉൾപ്പെടുത്തൽ, തൊഴിൽക്ഷമതയും മറ്റ് അവസരങ്ങളും വർധിപ്പിക്കൽ തുടങ്ങിയ ശ്രദ്ധ കേന്ദ്രീകരിക്കപ്പെടുന്ന മേഖലകളിലാണ് ഈ ബിസിനസുകൾ ഉള്ളത്. പ്രായമായവരുടെ ആവശ്യങ്ങൾ നിറവേറ്റുന്ന ബിസിനസുകളെ വളർത്തുന്നതിനായുള്ള ഡിബിഎസ്എഫിന്റെ ശ്രമങ്ങളുടെ ഭാഗമായാണ് ഈ ഗ്രാൻറ് പ്രോഗ്രാമിന് തുടക്കംകുറിക്കുന്നത്. 2024ൽ തുടക്കം കുറിച്ച ഇംപാക്ട് ബിയോണ്ട് അവാർഡുകൾ ഇതിൻറെ ഭാഗമാണ്.

# മെഡിക്കൽ ലബോറട്ടറി ഓണേഴ്സ് അസോസിയേഷൻ ജില്ലാ സമ്മേളനം നാളെ

**കൊച്ചി:** മെഡിക്കൽ ലബോറട്ടറി ഓണേഴ്സ് അസോസിയേഷൻ എറണാകുളം ജില്ലാ സമ്മേളനം നാളെ (ഏപ്രിൽ 05, ശനി) കൊച്ചിയിൽ നടക്കും. എറണാകുളം ഹോട്ടൽ സൗത്ത് റീജൻസിയിൽ രാവിലെ ഒമ്പതരയ്ക്ക് ആരംഭിക്കുന്ന സമ്മേളനം എറണാകുളം ജില്ലാ മെഡിക്കൽ ഓഫിസർ ഡോ. ആശാദേവി ഉദ്ഘാടനം ചെയ്യും. അസോസിയേഷൻ ജില്ലാ പ്രസിഡന്റ് ബിജു നമ്പിത്താനം അധ്യക്ഷത വഹിക്കും. സംസ്ഥാന പ്രസിഡന്റ് പി.കെ രജീഷ്കുമാർ മുഖ്യപ്രഭാഷണം നടത്തും. സംസ്ഥാന ഭാരവാഹികളെ ആദരിക്കലും പുതിയ അംഗങ്ങൾക്കുള്ള സ്വീകരണവും കമ്പനി പ്രോജക്ട് പ്രസന്റേഷനും ചടങ്ങിൽ നടക്കും . ഉച്ചകഴിഞ്ഞ് 02.30 ന് ആരംഭിക്കുന്ന അസോസിയേഷൻ വാർഷിക പൊതുയോഗം സംസ്ഥാന പ്രസിഡന്റ് പി.കെ രജീഷ് കുമാർ ഉദ്ഘാടനം ചെയ്യും.




എറണാകുളം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ മെഡിക്കൽ ഓങ്കോളജി ആന്റ് ക്ലിനിക്കൽ ഹെമറ്റോളജി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ നടക്കുന്ന" ക്യുറാ ഇമ്മ്യൂണിസ് " കാർടി സെൽ തെറാപ്പി നാഷണൽ കോൺക്ലേവിന്റെ പ്രഖ്യാപനം കൊച്ചിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ മാനേജിംഗ് ഡയറക്ടർ ഡോ. പി.വി.ലൂയിസ് നിർവ്വഹിച്ചപ്പോൾ. ഡോ. വരുൺ രാജൻ, ഡോ. തോമസ് കുഞ്ചെറിയ എന്നിവർ സമീപം

# കാൻസറിനെ തുരത്താൻ കാർടി സെൽ തെറാപ്പി; ഏപ്രിൽ ആറിന് നാഷണൽ കോൺക്ലേവ്

**കൊച്ചി :** കാൻസറിനെതിരെയുള്ള ആധുനിക ചികിൽസയായ കാർടി സെൽ തെറാപ്പിയുമായി ബന്ധപ്പെട്ട് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ മെഡിക്കൽ ഓങ്കോളജി ആന്റ് ക്ലിനിക്കൽ ഹെമറ്റോളജി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ഏപ്രിൽ ആറ്, ഞായറാഴ്ച " ക്യുറാ ഇമ്മ്യൂണിസ് " കാർടി സെൽ തെറാപ്പി നാഷണൽ കോൺക്ലേവ് സംഘടിപ്പിക്കും. എറണാകുളം ക്രൗൺ പ്ലാസയിൽ നടക്കുന്ന കോൺക്ലേവ് ഉച്ചയ്ക്ക് 12 ന് വിഴിഞ്ഞം തുറമുഖം മാനേജിംഗ് ഡയറക്ടർ ഡോ. ദിവ്യാ എസ്. അയ്യർ ഐ.എ.എസ് ഉദ്ഘാടനം ചെയ്യും. മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ എം.ഡി ഡോ. പി.വി ലൂയിസ് അധ്യക്ഷത വഹിക്കും. മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ ആരംഭിക്കുന്ന പുതിയ ബോൺമാരോ ട്രാൻസ്പ്ലാന്റ് ആന്റ് കാർടി സെൽ തെറാപ്പി യൂണിറ്റിന്റെ ഉദ്ഘാടനവും കോൺക്ലേവിൽ നടക്കും. യു.എസ്.എ യിലെ പ്രമുഖ കാൻസർ രോഗ വിദഗ്ധനും ടെക്സാസ് യൂണിവേഴ്സിറ്റിയിലെ പ്രൊഫസറുമായ ഡോ. സത്വ എസ്. നീലാപ്പ് മുഖ്യ പ്രഭാഷണം നടത്തും. ഡോ. നവീൻ കാറ്ററി, പ്രൊഫ. രാഹുൽ പർവാർ, ഡോ. പി.വി തോമസ്, ഡോ. ബോബൻ തോമസ്, ഡോ. ബി. ഹിത, ഡോ. തോമസ് കുഞ്ചെറിയ തുടങ്ങിയവർ സംസാരിക്കുമെന്ന് മെഡിക്കൽ ട്രസ്റ്റ് ആശുപത്രി മാനേജിംഗ് ഡയറക്ടർ ഡോ. പി.വി.ലൂയിസ്, ഓർഗനൈസിംഗ് ചെയർമാൻ ഡോ. വരുൺ രാജൻ, സെക്രട്ടറി ഡോ. തോമസ് കുഞ്ചെറിയ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

കാൻസറിനെതിരെയുള്ള ചികിൽസയിൽ പ്രതികരണം ഉണ്ടാകാത്തവർക്കും കാൻസർ തിരിച്ചു വരുന്ന വ്യക്തികൾക്കും ഏറ്റവും ഫലപ്രദമായ ചികിൽസയാണ് കാർടി സെൽ തെറാപ്പി. ലുക്കീമിയ, ലിംഫോമ, മൈലോമ എന്നി രക്താർബുദങ്ങൾക്കാണ് ഇപ്പോൾ ഈ ചികിൽസ ഏറ്റവും ഫലപ്രദമെന്ന് കണ്ടെത്തിയിട്ടുള്ളത്. അടുത്ത ആറോ ഏഴോ വർഷത്തിനുള്ളിൽ എല്ലാ തരത്തിലുമുള്ള കാൻസറിനും കാർടി സെൽ തെറാപ്പി ഫലപ്രദമാകുന്ന വിധത്തിലുള്ള കണ്ടെത്തലുകൾ ഉണ്ടാകുമെന്നാണ് വിശ്വസിക്കുന്നതെന്നും ഇവർ വ്യക്തമാക്കി. 45 ദിവസം കൊണ്ട് കാർടി സെൽ തെറാപ്പി ഉപയോഗിച്ചുള്ള ചികിൽസ പൂർത്തിയാകും. തുടർച്ചയായുള്ള ആശുപത്രി വാസം പത്തു ദിവസത്തിൽ താഴെ മതിയാകും. ഇന്ത്യയിൽ ആദ്യമായി നടക്കുന്ന കോൺക്ലേവ് ഇൻഡ്യ സൊസൈറ്റി ഓഫ് മെഡിക്കൽ ആന്റ് പീഡിയാട്രിക് ഓങ്കോളജി, അസോസിയേഷൻ ഓഫ് മെഡിക്കൽ പീഡിയാട്രിക് ഓങ്കോളജിസ്റ്റ്സ് ഓഫ് കേരള, കൊച്ചിൻ ഹെമറ്റോളജി ഗ്രൂപ്പ് എന്നിവരുടെ സഹകരണത്തോടെയാണ് സംഘടിപ്പിക്കുന്നത്. 200 ലധികം ഫാക്കൽറ്റികളും 300 ലധികം പ്രതിനിധികളും പങ്കെടുക്കും. ആറിന് രാവിലെ ഒമ്പത് മുതൽ വിവിധ വിഷയങ്ങളിൽ സെമിനാറുകളും പാനൽ ചർച്ചകളുമായി ആരംഭിക്കുന്ന കോൺക്ലേവിൽ കാൻസർ രോഗവിദഗ്ധരായ ഡോ. പി.എം ജയചന്ദ്രൻ, ഡോ.ഹസ്മുഖ് ജെയിൻ, ഡോ.ചന്ദ്രൻ കെ. നായർ, ഡോ. ശരത് ദാമോദർ, ഡോ.കെ.വിജയ് പാട്ടീൽ, ഡോ. പ്രസാദ് നാരായണൻ, ഡോ.നീരജ് സിദ്ധാർഥൻ, ഡോ.ഉദയ് കുൽക്കരണി, ഡോ. ലിംഗരാജ് നായക്, ഡോ. എൻ.വി രാമസ്വാമി, ഡോ.സുനു ലാസർ സിറിയക് തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ പ്രഭാഷണം നടത്തും. വൈകുന്നേരം അഞ്ചിന് നടക്കുന്ന പാനൽ ചർച്ചയോടെ കോൺക്ലേവ് അവസാനിക്കുമെന്നും സംഘാടകർ വ്യക്തമാക്കി.

# രജതജൂബിലി ആഘോഷിച്ച് സ്കോഡ ഓട്ടോ ഇന്ത്യ

**കോട്ടയം:** ഇന്ത്യയിലെ രജതജൂബിലി വർഷത്തിൽ പുതിയ നാഴികക്കല്ല് പിന്നിട്ട് സ്കോഡ ഓട്ടോ ഇന്ത്യ. കമ്പനിയുടെ ഇന്ത്യയുടെ 25 വർഷത്തെ ചരിത്രത്തിൽ ഏറ്റവും ഉയർന്ന പ്രതിമാസ വിൽപ്പനയാണ് കഴിഞ്ഞ മാർച്ചിൽ രേഖപ്പെടുത്തിയത്. 7422 യൂണിറ്റുകളാണ് കമ്പനി വിറ്റഴിച്ചത്. പുതിയ എസ്.യു.വിയായ കൈലാക്ക് അവതരിപ്പിക്കുകയും രൺവീർ സിംഗ് സ്കോഡയുടെ ആദ്യ ബ്രാ9ഡ് സൂപ്പർതാരമാകുകയും ചെയ്തതിന് തൊട്ടുപിന്നാലെയാണ് ഈ നേട്ടം.

സബ് 4 മീറ്റർ എസ്.യു.വി വിഭാഗത്തിലേക്ക് ഉപഭോക്താക്കളെ ആകർഷിക്കുന്നതിനുതകുന്ന വിലയിലും മൂല്യത്തിലുമാണ് കൈലാക്കിന്റെ അവതരണമെന്ന് ഉപഭോക്താക്കളുടെ മികച്ച പ്രതികരണം സാക്ഷ്യപ്പെടുത്തുന്നതെന്ന് സ്കോഡ ഓട്ടോ ഇന്ത്യയുടെ ബ്രാൻഡ് ഡയറക്ടർ പീറ്റർ ജാനെബ പറഞ്ഞു. 2025 മാർച്ചിൽ വിറ്റഴിച്ച 7422 കാറുകൾ ഈ പ്രയാണത്തിന്റെ സാക്ഷ്യപത്രമാണ്. കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തുന്നതിനായി കൈലാക്കിന്റെ ഇപ്പോഴത്തെ വില നിർണയം ഏപ്രിൽ അവസാനം വരെ തുടരുമെന്നും അദ്ദേഹം വ്യക്തമാക്കി.

സ്കോഡ ഓട്ടോ ഇന്ത്യയുടെ ആദ്യത്തെ ഈ സബ്4 മീറ്റർ എസ്.യു.വി പഞ്ചനക്ഷത്ര സുരക്ഷിത റേറ്റിംഗുള്ളതാണ്. സ്കോഡ ഓട്ടോ ഇന്ത്യയുടെ ടച്ച് പോയിന്റുകളുടെ ശൃംഖല 2021 ൽ 120 ൽ നിന്ന് ഇന്നുവരെ 280 ലധികം ആയി വിപുലീകരിച്ചു. ഈ വർഷം 350 ൽ എത്താൻ ലക്ഷ്യമിടുന്നു. കൂടാതെ, സ്കോഡ ഓട്ടോ ഇന്ത്യ അടുത്തിടെ എല്ലാ പുതിയ സ്കോഡ ഉപഭോക്താക്കൾക്കുമായി ഒരു വർഷത്തെ കോംപ്ലിമെന്ററി സൂപ്പർകെയർ മെയിന്റനൻസ് പാക്കേജ് അവതരിപ്പിച്ചിരുന്നു. സേവനവും അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട ചെലവുകൾ ഗണ്യമായി കുറയ്ക്കുന്ന പാക്കേജാണിതെന്നും അദ്ദേഹം വ്യക്തമാക്കി.

# ബിസിനസുകാർക്ക് ക്രെഡിറ്റ് കാർഡുമായി ഫെഡറൽ ബാങ്ക്




**കൊച്ചി:** ചെറുകിട, ഇടത്തരം സംരംഭകരുടെ പ്രതീക്ഷകൾക്കും ആവശ്യങ്ങൾക്കും ഇണങ്ങുന്ന നിരവധി സവിശേഷതകൾ ചേർന്ന ക്രെഡിറ്റ് കാർഡ് ഫെഡറൽ ബാങ്ക് പുറത്തിറക്കി. നാഷണൽ പെയ്മെന്റ് കോർപറേഷൻ ഓഫ് ഇന്ത്യയും വിസയുമായി സഹകരിച്ച് പുറത്തിറക്കിയ കാർഡിന് ഫെഡ് സ്റ്റാർ ബിസ് എന്നാണ് പേരിട്ടിരിക്കുന്നത്. രാജ്യത്തിന്റെ വളർച്ചയിൽ ഗണ്യമായ പങ്കു വഹിക്കുന്ന എസ്എംഇ ഇടപാടുകാർക്ക് നവീനമായ സേവനങ്ങൾ ലഭ്യമാക്കുന്നതിൽ ഫെഡറൽ ബാങ്ക് എന്നും മുൻനിരയിലാണെന്ന് ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ശാലിനി വാര്യർ പറഞ്ഞു. ഈ പ്രയാണത്തിന്റെ ഭാഗമായാണ് ബിസിനസ് ക്രെഡിറ്റ് കാർഡായ ഫെഡ് സ്റ്റാർ ബിസ് അവതരിപ്പിക്കുന്നത്. റൂപെ, വീസ വേരിയന്റുകളിലായി ഫെഡ് സ്റ്റാർ ബിസ് ലഭ്യമാണ്. ഇടപാടുകാരുടെ ഓവർഡ്രാഫ്റ്റ്, കാഷ് ക്രെഡിറ്റ് അക്കൗണ്ടുകളുമായി ബന്ധിപ്പിച്ചാണ് കാർഡ് നൽകുന്നത്. ഇന്നത്തെ മൽസരാധിഷ്ഠിത സാഹചര്യങ്ങളിൽ മുന്നേറാൻ സാമ്പത്തിക സൗകര്യങ്ങളും സുരക്ഷയും നൽകി ബിസിനസുകാർക്ക് സഹായകമായ രീതിയിലാണ് കാർഡ് ഒരുക്കിയിരിക്കുന്നതെന്നും ശാലിനി വാര്യർ പറഞ്ഞു.

ഓവർഡ്രാഫ്റ്റ്, കാഷ് ക്രെഡിറ്റ് അക്കൗണ്ടുകളിലായി 50 ലക്ഷം രൂപ വരെ പരിധിയുള്ള ബിസിനസുകാർക്ക് കാർഡുകൾ ലഭിക്കുന്നതാണ്. പ്രതിദിനം പരമാവധി മൂന്നു ലക്ഷം രൂപ വരെയുള്ള ഇടപാടുകൾ നടത്താനാവും. ആധുനിക ടോക്കണൈസേഷൻ, എൻക്രിപ്ഷൻ സാങ്കേതികവിദ്യകൾ ഓരോ ഇടപാടിനും മികച്ച സുരക്ഷ ലഭ്യമാക്കും.ഫെഡ് സ്റ്റാർ ബിസുമായി ബന്ധപ്പെട്ട് ഫെഡറൽ ബാങ്കുമായി പങ്കാളികളായതിൽ സന്തോഷമുണ്ടെന്ന് എൻപിസിഐയുടെ ചീഫ് ഓഫ് റിലേഷൻഷിപ് മാനേജ്മെന്റ് രജീത്ത് പിള്ള പറഞ്ഞു. ബിസിനസ് ഇടപാടുകാർക്ക് കൂടുതൽ മികച്ചതും സുരക്ഷിതവുമായ പെയ്മെന്റ് സംവിധാനങ്ങൾ ലഭ്യമാക്കുന്നതിലെ സുപ്രധാന ചുവടു വെപ്പാണിത്. റുപേയുടെ വിപുലമായ സ്വീകാര്യതയും ആധുനിക സുരക്ഷാ സംവിധാനങ്ങളും ചേരുമ്പോൾ തടസരഹിതവും സുരക്ഷിതവുമായ ഇടപാടുകൾ നടത്താൻ ഇന്ത്യയെമ്പാടുമുള്ള ബിസിനസുകളെ ഫെഡ് സ്റ്റാർ ബിസ് ശാക്തീകരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ബിസിനസുകാർക്കായുള്ള ഫെഡറൽ ബാങ്കിന്റെ പ്രഥമ ക്രെഡിറ്റ് കാർഡായ ഫെഡ് സ്റ്റാർ ബിസിന്റെ ലോഞ്ചിലൂടെ ഫെഡറൽ ബാങ്കുമായുള്ള പങ്കാളിത്തം ശക്തിപ്പെടുത്താൻ കഴിഞ്ഞതിൽ തങ്ങൾക്ക് അതിയായ സന്തോഷമുണ്ടെന്ന് വീസ ഇന്ത്യ കൺട്രി മാനേജർ റിഷി ഛബ്ര പറഞ്ഞു. ബിസിനസുകൾക്ക് മികച്ച ആനുകൂല്യങ്ങൾ, സാമ്പത്തിക നിയന്ത്രണങ്ങൾ, സൗകര്യങ്ങൾ തുടങ്ങിയവ നൽകുന്നതാണ് വീസയുടെ ആഗോള സ്വീകാര്യതയുടെ പിന്തുണയോടെയുള്ള പുതിയ സംവിധാനം. വീസയുടെ വിശ്വാസ്യത, സുരക്ഷ, ലാളിത്യം, സൗകര്യം എന്നിവയുടെ പശ്ചാത്തലത്തിൽ എല്ലാ വിഭാഗം ബിസിനസുകൾക്കും മികച്ച പ്രകടനം കാഴ്ചവെക്കാനുള്ള അവസരമൊരുക്കാൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും അദ്ദേഹം പറഞ്ഞു.ബിസിനസ്, വാണിജ്യ പെയ്മെന്റ് രംഗത്തെ സ്ഥാനം ശക്തമാക്കാനുള്ള സമഗ്ര നീക്കങ്ങളുടെ ആദ്യ ഘട്ടമായാണ് ബാങ്ക് ഫെഡ് സ്റ്റാർ ബിസ് അവതരിപ്പിച്ചത്. ബിസിനസ് രംഗത്തെ വിവിധ വിഭാഗങ്ങൾക്കായുള്ള നിരവധി ഉത്പന്നങ്ങൾ പുറത്തിറക്കാൻ നടപ്പു സാമ്പത്തികവർഷം ബാങ്ക് പദ്ധതിയിടുന്നുണ്ട്.




# ലാക്മേ ഫാഷൻ വീക്കിൽ മാക്സ് ഫാഷൻ അരങ്ങേറ്റം നടത്തി

**കൊച്ചി:** ലാക്മേ ഫാഷൻ വീക്ക് എക്സ് എഫ്ഡിസിഐയുടെ 25ാമത് എഡിഷനിൽ മാക്സ് ഫാഷൻ അരങ്ങേറ്റം നടത്തി. സിനിമാതാരം കൽക്കി കോച്ച്ലിൻ പങ്കെടുത്ത ഫാഷൻ വീക്കിലായിരുന്നു മാക്സിന്റെ അരങ്ങേറ്റം. ആഗോളതലത്തിൽ ഫാഷൻ എല്ലാവർക്കും ആക്സസ് ചെയ്യാവുന്നതാകണമെന്ന ആശയമുയർത്തിയാണ് മാക്സ് അരങ്ങേറ്റം നടത്തിയത്. ഇതിന്റെ ഭാഗമായി സിസിലിയൻ സമ്മർ, അമാൽഫി എസ്കേപ്പ് കളക്ഷനുകളും മാക്സ് ഫാഷൻ പുറത്തിറക്കി.ലാക്മേ ഫാഷൻ വീക്കിലെ മാക്സ് ഫാഷന്റെ അരങ്ങേറ്റം വെറുമൊരു നാഴികക്കല്ല് മാത്രമല്ലെന്നും ഒരു ബ്രാൻഡ് എന്ന നിലയിൽ മാക്സിനെ അടയാളപ്പെടുത്തുക കൂടിയാണ് ചെയ്തതെന്നും മാക്സ് വൈസ് പ്രസിഡന്റും മാർക്കറ്റിംഗ് മേധാവിയുമായ പല്ലവി പാണ്ഡെ പറഞ്ഞു. ട്രെൻഡ് അടിസ്ഥാനമാക്കിയുള്ള ഫാഷൻ ഉൽപ്പന്നങ്ങൾ ദശലക്ഷക്കണക്കിന് ആളുകൾക്ക് ലഭ്യമാക്കാനാണ് ഈ അരങ്ങേറ്റം നടത്തിയതെന്ന് മാക്സ് ഫാഷന്റെ ഡെപ്യൂട്ടി സിഇഒ സുമിത് ചന്ദ്ന പറഞ്ഞു. 210 നഗരങ്ങളിലായി 520ലധികം സ്റ്റോറുകളും ശക്തമായ ഓൺലൈൻ സാന്നിധ്യവുമുള്ള മാക്സ് ഫാഷൻ വസ്ത്രങ്ങൾ സ്റ്റോറിലും ഓൺലൈനായും ലഭ്യമാണ്.

# കേന്ദ്രസർക്കാർ പദ്ധതികൾ സംരംഭകർ പ്രയോജനപ്പെടുത്തണം

**കൊച്ചി:** കേന്ദ്രസർക്കാർ പദ്ധതികൾ സംരംഭകർ പ്രയോജനപ്പെടുത്തണമെന്ന് മിനിസ്ട്രി ഓഫ് എം.എസ്.എം.ഇ ജോയിന്റ് ഡയറക്ടർ ജി.എസ് പ്രകാശ് പറഞ്ഞു. എറണാകുളം രാമവർമ ക്ലബ് ആഡിറ്റോറിയത്തിൽ നടക്കുന്ന ബർസാത് എം.എസ്.എം.ഇ കോൺക്ലെവ് ആന്റ് ലൈഫ് സ്റ്റൈൽ എക്സിബിഷൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുക ആയിരുന്നു അദ്ദേഹം. കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ 25% എം.എസ്.എം.ഇ സ്ഥാപനങ്ങളിൽ നിന്നാണ് പ്രൊക്യൂർമെന്റ് നടത്തുന്നതെന്നും അതിൽ 4% വനിത സംരംഭയൂണിറ്റുകളിൽ നിന്നാകണമെന്നാണ് നിയമമെന്നും അദ്ദേഹം പറഞ്ഞു. ഇത്തരം കോൺക്ലേവുകളിലൂടെയും എക്സിബിഷനിലുടെയും പദ്ധതികൾ കൂടുതലായി ജനങ്ങളിൽ എത്തിക്കണമെന്നും അദ്ദേഹം കൂട്ടി ചേർത്തു. കേന്ദ്ര സർക്കാർ ഓൺലൈൻ പ്ലാറ്റ്ഫോം ആയ ' ഒ.എൻ.ഡി.സി'യിൽ സംരംഭകർ രജിസ്റ്റർ ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ കോക്കനട്ട് ബോർഡ് ഡയറക്ടർ ബാലസുധ ഹരി അധ്യക്ഷത വഹിച്ചു. ഫാ.ജോഷി പുതുവ സംരംഭകർക്ക് എക്സലൻസ് അവാർഡുകൾ സമ്മാനിച്ചു. സിഫ്ട് ഡയറക്ടർ ഡോ. ജോർജ് നൈനാൻ സ്റ്റാർട്ട് അപ്പ് ഉത്പന്നങ്ങളുടെ ലോഞ്ചിംഗ് നടത്തി. ബർസാതുമായി ചേർന്ന് സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി ഒരുക്കുമെന്ന് കേരള ഹോട്ടൽ ആൻഡ് റെസ്റ്റൊറന്റ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് അറിയിച്ചു. ചടങ്ങിൽ എറണാകുളം പ്രസ്സ് ക്ലബ് സെക്രട്ടറി എം ഷജിൽ കുമാർ , ആത്മ നിർഭർ ഭാരത് അവാർഡ് ജേതാവ് എസ് എസ് മേനോൻ, അശോക് കുമാർ, ജോയ് കീഴേത്ത്, സാമൂഹിക പ്രവർത്തകൻ പി കെ ജയേഷ്, കെ എസ് ബാലചന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു. മിനിസ്ട്രി ഓഫ് എം എസ് എം ഇ, സി ഐ ഫ് ടി, കോക്കനട്ട് ബോർഡ് , ബാങ്ക് ഓഫ് ബറോഡ എന്നിവരുടെ ആഭിമുഖ്യത്തിൽ സംരംഭക ക്ലാസുകൾ നടന്നു. തീരദേശങ്ങളിൽ മൽസ്യ,ടൂറിസം ഗ്രാമങ്ങൾ സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ കേന്ദ്രസർക്കാരുമായി ചേർന്ന് നടത്തുമെന്ന് ബർസാത് മാനേജിങ് ഡയറക്ടർ സി വി സജനി അറിയിച്ചു. ഇന്ന് രാവിലെ തുടങ്ങുന്ന (ഏപ്രിൽ 04) ലൈഫ് സ്റ്റൈൽ എക്സിബിഷൻ, വിഷു തീം തിരുവാതിര ( പതിനൊന്നു മണിക്ക് ) എന്നിവ ഉണ്ടാകും. പ്രവേശനം സൗജന്യം.

# പുതിയ പദ്ധതിയുമായി ഐസിഐസിഐ പ്രു

**തിരുവനന്തപുരം:** ഡിജിറ്റൽ നവീകരണങ്ങളിലൂടെ ലൈഫ് ഇൻഷുറൻസ് വിതരണത്തെ പരിവർത്തനം ചെയ്യുന്ന ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് പുതിയ പദ്ധതി അവതരിപ്പിച്ചു. ഉപഭോക്താക്കൾക്ക് അവരുടെ ഗ്യാരണ്ടീഡ് വരുമാനത്തിന്റെ ദൈർഘ്യം തിരഞ്ഞെടുക്കാനും, കാലാവധി പൂർത്തിയാകുമ്പോൾ ഒരു വലിയ തുക നികുതി കാര്യക്ഷമമായ രീതിയിൽ ലഭിക്കാനും അനുവദിക്കുന്ന പ്രു ഗിഫ്റ്റ് സെലക്ട് പദ്ധതിയാണ് പുതുതായി അവതരിപ്പിച്ചതെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസിന്റെ ചീഫ് പ്രോഡക്റ്റ് ആൻഡ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ അമിത് പാൽട്ട പറഞ്ഞു. ഒരു അധിക വരുമാന സ്രോതസ് ഉറപ്പാക്കുന്നതിനുള്ള സാമ്പത്തിക ആസൂത്രണം ഇപ്പോൾ ഏറെ പ്രധാനമായി മാറിയിട്ടുണ്ട്. ഈ ആവശ്യം നിറവേറ്റുന്നതിനായി നിക്ഷേപിച്ച മൂലധനത്തിന്റെ സുരക്ഷയും വളർച്ചയും നൽകുന്ന നിക്ഷേപ ഓപ്ഷനുകൾക്കായി വ്യക്തികൾ തിരയാറുണ്ട്. ഇത്തരത്തിൽ വ്യക്തികളെ സഹായിക്കുന്നതിനാണ് സവിശേഷമായ ദീർഘകാല സേവിങ്സ് ഉൽപ്പന്നമായ ഐസിഐസിഐ പ്രു ഗിഫ്റ്റ് സെലക്ട് അവതരിപ്പിച്ചിരിക്കുന്നതെന്ന് അമിത് പാൽട്ട പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com